പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 922

13.06.2012-ൽ മറുപടിയ്ക്ക്

മുസ്സിരിസിലെ ഹെറിറ്റേജ് പ്രോജക്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.പാലോട് രവി<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |

| | | | |
| --- | --- | --- | --- |
| എ) | മുസ്സിരിസിലെ ഹെറിറ്റേജ് പ്രോജക്റ്റി ന്റെ ഉദ്ദേശ്യല ക്ഷ്യങ്ങൾ എന്തെല്ലാം; | എ) | കൊടുങ്ങല്ലൂർ, ചേന്ദമംഗലം, ഗോതുരുത്ത്, പറവൂർ, പള്ളിപ്പുറം, അഴീക്കോട് തുടങ്ങിയ പ്രദേശങ്ങളിലെ ചരിത്രസ്മാരകങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കേരള ചരിത്രത്തിന്റെ പരിച്ഛേദം സന്ദർശകർക്ക് പകർന്ന് കൊടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന നൂതനവും ഭാവനാപൂർണ്ണവുമായ ടൂറിസം പദ്ധതിയാണ് മുസരിസ് പൈതൃക പ്രോജക്റ്റ്. മുസിരിസിന്റെ ഐശ്വര്യപൂർണമായ കാലഘട്ടത്തെ ദ്യോതിപ്പിക്കുന്ന ചരിത്രാവശിഷ്ടങ്ങളും സ്മാരകങ്ങളും ടൂറിസ്റ്റുകളെ സംബന്ധിച്ചിടത്തോളം ആകർഷകമല്ല. ഈ പൈതൃക പ്രതീകങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന പരിപാലന പദ്ധതിയുടെ ആശയ രൂപീകരണമാണ് ഈ പ്രോജക്റ്റിൽ ഉദ്ദേശിക്കുന്നത്. |
| ബി) | മുസ്സിരിസ്സിനെ സംസ്ഥാനത്തെ പ്രധാന വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | ബി) | മുസിരിസ്സിന്റെ സാംസ്കാരികത്തനിമയും വൈവിധ്യവും സംബന്ധിച്ച് അഭിമാനവും അവബോധവും വളർത്തുക,<br>മുസിരിസ് മേഖലയുടെ സാംസ്കാരിക സ്വത്തുക്കൾ, അവയുടെ മൂല്യങ്ങൾ, പ്രസക്തി എന്നിവ പരിപാലിക്കുക, ഭാവി തലമുറകൾക്കായി സംരക്ഷിക്കുക,<br>നിലനിൽക്കുന്ന പൈതൃക മേഖലയെന്ന നിലയിൽ മുസിരിസ്സിന്റെ തനതായ മേന്മകൾ ശൈലീകൃതമാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക,<br>മുസിരിസ്സിന്റെ പ്രസക്തി നിലനിർത്തുന്നതിൽ പ്രദേശവാസികളെ ഉൾക്കൊള്ളിക്കുക, മുസിരിസ് എല്ലാവർക്കും എത്തിപ്പെടാവുന്നതും ആസ്വാദ്യവുമാക്കുക, പൈതൃകത്തിന്റെയും പരിപാലനത്തിന്റെയും സാർവത്രികമൂല്യങ്ങളുടെ അന്തരീക്ഷവും ആഘോഷമാക്കുന്ന ഒരു മേഖലയാക്കുക,<br>മുസിരിസ് മേഖലയിലെ വിദ്യാഭ്യാസ പരിപാടികളുമായി പൈതൃകകാര്യങ്ങൾ ഏകോപിപ്പിക്കുക,<br>ടൂറിസവും പൈതൃക മാനേജ്മെന്റും ഏകോപിപ്പിക്കുന്നതിലൂടെ പരസ്പര നേട്ടം കൈവരിക്കുക, തുടങ്ങിയ നിർദ്ദേശങ്ങളാണുള്ളത്. |

| | | |
|---|---|---|
| സി) | പ്രോജക്ടിന്റെ ഇപ്പോ ഴത്തെ അവസ്ഥ എന്താ ണെന്ന് വ്യക്തമാക്കു മോ? | സി ) പ്രോജക്ടിന്റെ ഒന്നാം ഘട്ടത്തിൽ പൂർത്തിയാ ക്കാൻ ഉദ്ദേശിച്ച നാല് മ്യൂസിയങ്ങളുടെ 95 % ജോലികൾ പൂർത്തിയായി. ബാക്കി ജോലികൾ ധൃത ഗതിയിൽ പുരോഗമിക്കുന്നു. പരമ്പരാഗത മാർക്ക റ്റുകൾ നവീകരിക്കുന്ന ജോലികളും ചരിത്ര സ്മാരക ങ്ങളുടെ പുനരുദ്ധാരണവും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ